## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6563. 03.04.2018 ൽ മറുപടിയ്ക്ക്

### കള്ളിൽ മായം ചേർക്കുന്നതിനുള്ള ശിക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കള്ളിൽ മായം ചേർക്കുന്നത് നിലവിലുള്ള നിയമ പ്രകാരം ശിക്ഷാർഹമാണോ; എങ്കിൽ അബ്കാരി നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് അത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്; | (എ) | ശിക്ഷാർഹമാണ്. അബ്കാരി നിയമത്തിലെ 57, 57 എ വകുപ്പുകൾ പ്രകാരമാണ് അത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. |
| (ബി) | നിലവിലുള്ള നിയമ പ്രകാരം കള്ളിൽ മായം ചേർക്കുന്നതിനുള്ള ശിക്ഷ എന്താണ്; | (ബി) | അബ്കാരി നിയമത്തിലെ 57 വകുപ്പ് പ്രകാരം 5 വർഷത്തെ തടവ് ശിക്ഷയോ 50,000/- രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. |
| (സി) | കള്ളിൽ സ്റ്റാർച്ച് ചേർക്കുന്നത് മായം ചേർക്കലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (സി) യും (ഡി) യും | ഉണ്ട്. സ്റ്റാർച്ച് മനുഷ്യശരീരത്തിന് ഹാനികരമല്ലെന്ന കാരണത്താൽ 21/12/2017 ലെ നമ്പർ 25352/Leg. A1/2017/Law നമ്പർ ഓർഡിനൻസ് പ്രകാരം മായം ചേർക്കലിന്റെ പരിധിയിൽ നിന്ന് സ്റ്റാർച്ചിനെ ഒഴിവാക്കുന്നതിനുള്ള നിയമ ഭേദഗതി വരുത്തിയിട്ടുണ്ട്. അതനുസരിച്ച് കള്ളിൽ സ്റ്റാർച്ചിന്റെ സാന്നിദ്ധ്യം കണ്ടെത്തുകയാണെങ്കിൽ സെക്ഷൻ 57 (എഎ) പ്രകാരം 6 മാസം വരെ വെറും തടവോ, അല്ലെങ്കിൽ 25,000/- രൂപ പിഴയോ ശിക്ഷ ലഭിക്കുന്നതാണ്. |
| (ഡി) | ഇത് സംബന്ധിച്ച് അബ്കാരി ചട്ടത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോഎന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ